**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3753** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയംതൊഴിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി എം.സി.ഐ.യുമായി ചേർന്ന് എത്ര മീറ്റ് സ്റ്റാളുകൾ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചുവെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി എം.പി.ഐ.യുമായി ചേർന്ന് വകുപ്പ് മുഖേന പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ ഉന്നമനത്തിനായി എം.പി.ഐ.(മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ)യുമായി ചേർന്ന് സംസ്ഥാനത്തുടനീളം 20 മീറ്റ് ഷോപ്പുകൾ സ്ഥാപിക്കുന്ന പദ്ധതി വകുപ്പ് നടപ്പാക്കിയിരുന്നു. ടി പദ്ധതിയ്ക്കായി സ.ഉ.(സാധാ)നം. 498/15/പജപവവിവ. തീയതി 20/03/15 പ്രകാരം 60 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക വിനിയോഗിച്ച് തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ 19 പേർക്ക് മീറ്റ് ഷോപ്പുകൾ അനുവദിച്ചതായി എം.പി.ഐ. അറിയിച്ചിരുന്നു. |
| (ബി) | പ്രസ്തുത സ്റ്റാളുകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അവലോകനം ചെയ്തിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ; | (ബി) | ഉണ്ട്. പ്രസ്തുത സ്റ്റാളുകളുടെ നിലവിലെ സ്ഥിതി ഡയറക്ടറേറ്റ് തലത്തിൽ 08-05-2019-ൽ യോഗം ചേർന്ന് അവലോകനം ചെയ്തിട്ടുണ്ട്. എം.പി. ഐ. ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധിച്ച് പ്രസ്തുത പദ്ധതിയുടെ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാൻ ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത ഗുണഭോക്താക്കൾക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (സി) | എം.പി.ഐ. നടപ്പാക്കുന്ന പ്രസ്തുത പദ്ധതി പ്രകാരം ഒരു ഔട്ട്‌ലെറ്റ് സ്ഥാപിക്കുന്നതിന് 2.50 ലക്ഷം രൂപ security deposit ഉൾപ്പെടെ വേണ്ടി വരുന്ന ആകെ ചെലവ് 5 ലക്ഷം രൂപയാണ്. ടി പദ്ധതി പ്രകാരം ഗുണഭോക്താവിന് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു. 1) സെക്യൂരിറ്റി ഡെപ്പോസിറ്റ് - 50000/- (50000/- രൂപ സ്ഥലം കണ്ടെത്തിയതിന്) |

| | | | |
|---|---|---|---|
| | | | (ശേഷിക്കുന്ന തുക ഗുണഭോക്താവ് സ്വന്തം നിലയിൽ കണ്ടെത്തേണ്ടതാണ്) 2) ഇന്റീരിയർ ഫർണിഷിംഗ് കോസ്റ്റ് - 1,05,000/- [i. ഗ്ലാസ് ഡോർ -65,000/- , ii. ടൈലിംഗ് ഫ്ളോർ -20,000/-, iii. ഡിസ്പ്ലേ ബോർഡ് - 10,000/-, iv. പെയിൻറിംഗ് - 10,000/-] 3) ഫ്രീസർ (400 ലിറ്റർ ഒരെണ്ണം) - 35,000/- 4) ഫാൻ (2എണ്ണം) - 4,500/- 5) ടേബിൾ - 8,000/- 6) കസേര (2എണ്ണം) - 1,500/- 7) സോഫ - 4,000/- 8) കമ്പ്യൂട്ടർ & പ്രിൻറർ - 22,000/- 9) മീറ്റ് സ്ലൈസർ - 70,000/- ആകെ - 3,00,000/- (മൂന്ന് ലക്ഷം രൂപ മാത്രം) |

സെക്ഷൻ ഓഫീസർ